LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങളിലൂടെ നെൽകൃഷിക്കാർക്ക് കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി

6 (5411) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. വർക്കല കഹാർ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലൂടെ നെൽകൃഷിക്കാർക്ക് കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള പുതിയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ ;

(ബി) സംസ്ഥാനതലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഒരു ഏകീകൃതമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ വർഷം പ്രാഥമിക സഹകരണ സംഘങ്ങളോ മറ്റ് സഹകരണ സ്ഥാപനങ്ങളോ വഴി എവിടെയൊക്കെ എത്ര നെൽപ്പാടങ്ങളിൽ ഇത്തരത്തിൽ കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാക്കിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി ആകെ എത്ര കോടി രൂപയുടെ വായ്പകളാണ് പ്രസ്തുത കാലയളവിൽ സഹകരണ മേഖലയിലൂടെ കർഷക സമിതികൾക്ക് ലഭ്യമാക്കിയത് ;

(ഇ) ഈ വർഷം പ്രസ്തുത പദ്ധതിക്കായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിലൂടെ നെൽകൃഷിക്കാർക്ക് കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ, പാടശേഖര സമിതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, നെല്ലുല്പാദക സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് കൊയ്ത്ത് മെതി യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ടി സ്ഥാപനങ്ങൾ അപേക്ഷിക്കുന്ന മുറയ്ക്ക് കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള വായ്പ നൽകുന്നതിന് ജില്ലാ സഹകരണ ബാങ്കുകൾ നടപടി സ്വീകരിക്കുകയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന അംഗങ്ങൾക്ക് വായ്പ നൽകി വരികയും ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ല കളിൽ അതാത് ജില്ലാ ബാങ്ക് പ്രസിഡന്റുമാർ ചെയർമാനായും ജില്ലാ ബാങ്ക് ജനറൽ മാനേജർ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ അസോസിയേഷന്റെ പ്രസിഡന്റ്/സെക്രട്ടറി എന്നിവർ അംഗങ്ങളും ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറും ആയി ഓരോ കമ്മിറ്റി ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

(സി) കോട്ടയം ജില്ലയിൽ നാട്ടകം സർവ്വീസ് സഹകരണ ബാങ്കിന് സ്വന്തമായുള്ള കൊയ്ത്ത് മെതിയന്ത്രം ആവശ്യക്കാർക്ക് വാടകയ്ക്ക് നൽകി വരുന്നു. ആലപ്പുഴ ജില്ലയിൽ ചതുർത്ഥ്യാകാരി സർവ്വീസ് സഹകരണ ബാങ്ക്, പൊങ്ങ സർവ്വീസ് സഹകരണ ബാങ്ക്, കരുവാറ്റ സർവ്വീസ് സഹകരണ ബാങ്ക്, നൂറനാട് സർവ്വീസ് സഹകരണ ബാങ്ക്, അറുനൂറ്റി മംഗലം സർവ്വീസ് സഹകരണ ബാങ്ക് എന്നീ സംഘങ്ങൾ മുഖാന്തിരം കുട്ടനാട്, അറുനൂറ്റി മംഗലം, നൂറനാട്, പാലമേൽ എന്നിവിടങ്ങളിലായി ആകെ 149 പാടശേഖരങ്ങളിൽ കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ടി പ്രദേശങ്ങളിലെ കൊയ്ത്ത് സീസൺ അല്ലാത്ത കാലയളവിൽ കേരളത്തിന് വെളിയിലായി തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലും യന്ത്രം ലഭ്യമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ അന്തിക്കാട് കോൾ, ഓടൻ, ചെമ്മണ്ട ചെളി, പള്ളിപ്പുറം, പാറളം, ചേനം, അരിമ്പൂർമനക്കൊടി എന്നീ കോൾ പാടങ്ങളിലും കറുത്താണി, ചൂരനാട്ടുകര, തിരുത്തിൻതാത്രം, പണിക്കാരികിണി, നാലുമുറി, അക്കറ്റാൻ, വാരിയത്ത്, പദം പാടം, കടംപാട്ടുംപാടം, കരിന്തറ, പുളിയപാടം, അമ്മിച്ചാൻകിഴക്ക്, അമ്മിച്ചാൻ പടിഞ്ഞാറ് എന്നീ പടവുകളിലും പുത്തൻകോൾ, പായ്കോൾ, പണ്ടാരകോൾ, കളിയാക്കോണം, വെള്ളിക്കുളങ്ങര, ഉപ്പഴി, കുഴിക്കാണി, ചേലക്കാട്ടുകര, കൊടുങ്ങ, അവിട്ടപ്പിള്ളി, നന്തിപുലം, മൂരിയാട്, വാസുപുറം എന്നീ പാടശേഖര സമിതികളിലും കൊയ്ത്ത് മെതി യന്ത്രം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി 68 ലക്ഷം രൂപ കർഷക സമിതികൾക്ക് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനായി വായ്പായിനത്തിൽ സഹകരണ മേഖല നൽകിയിട്ടുണ്ട്.

(ഇ) ഈ വർഷം കൊയ്ത്ത് മെതി യന്ത്രങ്ങൾ സംഘങ്ങൾ മുഖേന കൂടുതൽ വാങ്ങുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിക്കും. ഇപ്രകാരം കൊയ്ത്ത് മെതി യന്ത്രം വാങ്ങുന്ന സഹകരണ സംഘങ്ങൾക്ക് 2010-2011 വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോൽസാഹനമായി 4 ലക്ഷം രൂപ ഗ്രാന്റായി നൽകുന്നതിന് തുക വകകൊള്ളിച്ചിട്ടുണ്ട്.